## ബസ് സ്റ്റേഷനുകളിൽ കാന്റീൻ

82 [2119] ശ്രീ. തോമസ് ഉണ്ണിയാടൻ:

" സ്റ്റീഫൻ ജോർജ്:

" ജോസഫ് എം. പുതുശ്ശേരി:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സിയുടെ ബസ് സ്റ്റേഷനുകളിൽ എത്ര എണ്ണത്തിൽ പൊതുജനങ്ങൾക്കുവേണ്ടിയുള്ള കാന്റീനുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ:

(ബി) പ്രസ്തുത കാന്റീനുകളുടെ ഉപയുക്തത, പ്രതിദിനം ഏകദേശം എത്ര ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കാന്റീനുകളുടെ നടത്തിപ്പ് സംബന്ധിച്ച വ്യവസ്ഥകൾ എന്താണെന്നും, കാന്റീനുകൾവഴി കോർപ്പറേഷന് പ്രതിവർഷം എന്തു തുക ഏതൊക്കെ ഇനത്തിൽ ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) 38 എണ്ണം.

(ബി) കാന്റീൻ സൗകര്യം യാത്രക്കാർക്കു പുറമേ തദ്ദേശ വാസികളായ പൊതുജനങ്ങളും ഉപയോഗിക്കുന്ന കാരണത്താൽ പ്രതിദിനം ആകെ എത്ര പേരാണ് ഇതിന്റെ ഉപഭോക്താക്കൾ എന്ന് തിട്ടപ്പെടുത്താൻ കഴിയുന്നില്ല.

(സി) കുടുംബശ്രീ കാന്റീനുകൾ ഒഴികെ എല്ലാ കാന്റീനുകളും മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടറുകൾ ക്ഷണിച്ചും ലേലത്തിൽകൂടിയും ഏറ്റവും കൂടിയ തുക വാഗ്ദാനം ചെയ്യുന്ന വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഓരോ സാമ്പത്തിക വർഷത്തേയ്ക്ക് നടത്തുന്നതിന് ലൈസൻസ് നൽകുകയാണ് ചെയ്യുന്നത്. നിലവിലുള്ള വ്യവസ്ഥ പ്രകാരം എല്ലാ കാന്റീനുകൾക്കും അതാതിന്റെ വിസ്തീർണ്ണം അടിസ്ഥാനമാക്കി ഒരു നിശ്ചിത തുക മാസവാടകയായി നിശ്ചയിച്ച് ഈടാക്കാറുണ്ട്. കോർപ്പറേഷൻ നിശ്ചയിക്കുന്ന വിലയ്ക്ക് ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഇനത്തിൽ കോർപ്പറേഷന് പ്രതിവർഷം 65,49,408 രൂപ (അറുപത്തിയഞ്ചു ലക്ഷത്തി നാല്പത്തി ഒൻപതിനായിരത്തി നാന്നൂറ്റി എട്ടു രൂപ) വാടക ഇനത്തിലും 30,97,320 രൂപ (മുപ്പതു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി മൂന്നൂറ്റി ഇരുപതു രൂപ) വാഗ്ദത്ത തുകയായും ലഭിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly